04.11.2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 04/11/202

1. കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴി കൃഷി നാശനഷ്ടങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാം. അതിനായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും, നാശനഷ്ടം സംഭവിച്ച കാർഷിക വിളകളെയും സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കൃഷിഭവനുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in വെബ്സൈറ്റുകൾ സന്ദർശിക്കണം.

2. കേരളത്തിന്റെ മഹാ ഉത്സവമായി തിരുവനന്തപുരത്ത് നവംബർ 1 മുതൽ 7 വരെ കേരളീയം നടന്നു വരികയാണ്. കേരളീയം ട്രേഡ് ഫെയർ എട്ടു വേദികളിലായി നാനൂറിലേറെ സ്റ്റാളുകൾ. പ്രദർശന വിപണനം രാവിലെ 10 മുതൽ വൈകിട്ട് 10 മണി വരെ കേരളീയത്തിന്റെ ഭാഗമായി നടത്തപ്പെടുന്നു. കേരളീയത്തോട് അനുബന്ധിച്ച് കൃഷിവകുപ്പിന്റെ ട്രേഡ് ഫെയർ LMS COMPOUND ലാണ് ഒരുക്കുന്നത്. ജൈവ സർട്ടിഫിക്കേഷനുള്ള ഉൽപന്നങ്ങൾ, ഭൗമസൂചിക ലഭിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ സർക്കാരിന്റെ സ്വന്തം keralagro ബ്രാൻഡിൽ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ തുടങ്ങിയവയും കേരള കാർഷിക സർവകലാശാലയുടെയും ഫാമുകളിലേയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയും ട്രേഡ് ഫെയറിൽ ഉണ്ടായിരിക്കുന്നതാണ്. അടുത്ത 10 വർഷത്തിനുള്ളിൽ കേരളത്തിലെ കാർഷികമേഖലയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് പരിസ്ഥിതിസൗഹാർദ്ദമായ സുസ്ഥിരവികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികൾക്കാണ് കൃഷിവകുപ്പ് സമാരംഭം കുറിച്ചിരിക്കുന്നത്. പ്രശസ്ത കാർഷിക ശാസ്ത്രജ്ഞനായിരുന്ന ഡോ. എം.എസ്. സ്വാമിനാഥൻ വിഭാവനം ചെയ്തതരത്തിൽ കർഷകരുടെ വരുമാനം 50 ശതമാനമെങ്കിലും ഉയർത്തുക എന്നത് പ്രത്യേക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അജണ്ടയായിതന്നെ നടപ്പിലാക്കുമെന്നും കൃഷിവകുപ്പിന്റെ കേരളീയം സെമിനാറിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ട് കൃഷിമന്ത്രി പി. പ്രസാദ് അഭിപ്രായപ്പെട്ടു.

3. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സി.ഡി.ബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തിവരുന്നു. ഒരുദിവസം മുതൽ നാല് ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, അച്ചാർ, ബർഫി എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിവയ്ക്ക് ഏക ദിന പരിശീലനം ലഭ്യമാണ്., തെങ്ങിൻ പൊങ്ങിൽ നിന്നുള്ള ഉത്പന്നങ്ങൾ, നാളികേര ഐസ്ക്രീം എന്നിങ്ങനെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ടെക്നോളജി താല്പര്യമുള്ളവർക്ക് എടുക്കാവുന്നതാണ് . പരിശീലന ക്ലാസിന്റെ രജിസ്ട്രേഷൻ, ടെക്നോളജി ട്രാൻസ്ഫറിന്റെ വിവരങ്ങൾ, ഫീസ് എന്നീ വിവരങ്ങൾക്ക് 0484-2679680 എന്ന നമ്പറിൽ തിങ്കൾ - വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 5 മണിക്കുള്ളിൽ ബന്ധപ്പെടാവുന്നതാണ്. cit-aluva@coconutboard.gov.in എന്ന ഇമെയിലിലും ബന്ധപ്പെടാവുന്നതാണ്.

4. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 2024 വർഷത്തെ പാൽകാർഡ് വിതരണം ചെയ്യുന്നതിനുള്ള അപേക്ഷ നവംബർ 1 മുതൽ 16 വരെ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരു മാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ, തീറ്റപ്പുൽതണ്ട് എന്നിവയുടെ വിപണനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 6282937809, 0466- 2912008, 2212279

## പരിശീലന പരിപാടി

6. വെള്ളനാട് ഐ സി എ ആർ മിത്രനികേതൻ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ ഇന്ന് രാവിലെ 10 മണിയ്ക്ക് (നവംബർ 4ന്) **മഴമറ എന്ന വിഷയത്തിൽ** പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി 9400288040 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7,8 തീയതിളിലായി മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ രാവിലെ 10 മണി മുതൽ 5 മണി വരെ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം